പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 176 **26-10-2026-ൽ മറുപടിയ്ക്ക്**

റേഷൻ കാർഡുകൾ മരവിഷിക്കൽ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ചാണ്ടി ഉമ്മൻ

ശ്രീ. സുധീർഷാ പാലോട്

ശ്രീ. രാജൻ. ജെ. പല്ലൻ

ശ്രീ. കെ. ബിനിമോൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. അനൂപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

(എ) കേന്ദ്ര പദ്ധതിയായ സ്മാർട്ട് പി.ഡി.എസ് നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ആറു മാസത്തിനിടെ ഒരു തവണ പോലും റേഷൻ സാധനങ്ങൾ വാങ്ങാത്ത കാർഡുകൾ മരവിപ്പിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചതായി അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

മറുപടി: കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച Targeted Public Distribution System (Control) Amendment Order, 2025 ന്റെ ഭാഗമായി, കഴിഞ്ഞ ആറു മാസമായി റേഷൻ വിഹിതം കൈപ്പറ്റാത്ത റേഷൻ കാർഡുകളും, ഒന്നിലധികം റേഷൻ കാർഡുകളിൽ ഉൾപ്പെട്ടതായി കണ്ടെത്തുന്ന ഗുണഭോക്താക്കളെയും താൽക്കാലികമായി നിർജ്ജീവമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) റേഷൻ കാർഡുകൾ മരവിപ്പിക്കരുതെന്നും ഇത് ആധികാരിക രേഖയായി നിലനിർത്താൻ അനുവദിക്കണമെന്നും കേന്ദ്രത്തോട് ആവശ്യപ്പെടുമോ; വ്യക്തമാക്കാമോ;

മറുപടി: റേഷൻ കാർഡുകൾ റേഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള ആധികാരിക രേഖയാണ്.

Targeted Public Distribution System (Control) Amendment Order, 2025-ലെ ക്ലോസുകൾ 4(22), 4(23) പ്രകാരം, തുടർച്ചയായി ആറു മാസമായി റേഷൻ വിഹിതം കൈപ്പറ്റാത്തതും ഒന്നിലധികം റേഷൻ കാർഡുകളിൽ ഉൾപ്പെട്ടിട്ടുള്ളതുമായ ഗുണഭോക്താക്കളുടെ കാർഡുകൾ താൽക്കാലികമായി നിർജ്ജീവമാക്കി, തുടർന്നുള്ള മൂന്നു മാസത്തിനുള്ളിൽ ഫീൽഡ് വെരിഫിക്കേഷൻ നടത്തി ഇ-കെ.വൈ.സി (e-KYC) പൂർത്തീകരിച്ച് അർഹത പുനഃപരിശോധിക്കണമെന്ന കേന്ദ്ര സർക്കാരിന്റെ നിർദ്ദേശ പ്രകാരം കേരളത്തിൽ, 2026 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ തുടർച്ചയായി ആറുമാസം റേഷൻ വിഹിതം കൈപ്പറ്റാത്ത മുൻഗണനാ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ വിവരം ഹൈദരാബാദ് എൻ.ഐ.സി യിൽ നിന്ന് ശേഖരിച്ച് ഫീൽഡ് വെരിഫിക്കേഷനായി നടപടികൾ പുരോഗമിച്ചുവരികയാണ്. നിലവിൽ, ഈ കാർഡുകൾ നിർജ്ജീവമാക്കുകയോ റദ്ദാക്കുകയോ ചെയ്തിട്ടില്ല.

(സി) മുൻഗണനാ കാർഡുകളായ മഞ്ഞയും പിങ്കും റദ്ദാക്കപ്പെട്ടാൽ സംസ്ഥാനത്തിന്റെ ഭക്ഷ്യ ഭദ്രതാ പദ്ധതി വിഹിതത്തിൽ ആനുപാതികമായി കുറവുണ്ടാകുമോ; ഇത് സംബന്ധിച്ച്

പൊതുജനങ്ങൾക്കിടയിലുള്ള ആശങ്കകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

മറുപടി: ഇല്ല. മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം ഒരു തുടർപ്രക്രിയയായതിനാൽ മുൻഗണനാ വിഭാഗത്തിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്ക്, അർഹരായ മറ്റ് കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതാണ്. ആയതിനാൽ സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള കേന്ദ്ര ഭക്ഷ്യധാന്യ വിഹിതത്തിൽ കുറവുണ്ടാകുന്നില്ല.

ഇതുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കിടയിലുള്ള തെറ്റിദ്ധാരണകളും ആശങ്കകളും പരിഹരിക്കുന്നതിനായി, റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച വ്യക്തമായ മാർഗനിർദേശങ്ങൾ മാധ്യമങ്ങൾ വഴിയും ഔദ്യോഗിക അറിയിപ്പുകൾ വഴിയും പൊതുജനങ്ങളെ അറിയിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ